**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ:04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

<u>സർക്കുലർ</u>

നം. ഇ എസ്-6/23338/2025/ആ.വ.ഡ തീയതി: 04-11-2025

വിഷയം: ആ.വ- സൂപ്പർ സ്പെഷ്യലിറ്റി കേഡർ-വിവിധ സ്പെഷ്യലിറ്റികളിൽ **31.12.2023** വരെ സൂപ്പർ സ്പെഷ്യലിറ്റി യോഗ്യത നേടിയ മെഡിക്കൽ ഓഫീസർമാരിൽ നിന്ന് ഓഫ്ഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച്.

പരാമർശം:

1. ജി.ഓ(പി) നം. 69/2010/എച്ച് & എഫ് ഡബ്ല്യു ഡി തീയതി.17.02.2010.
2. ജി.ഓ(പി) നം. 48/2022/എച്ച് & എഫ് ഡബ്ല്യു ഡി തീയതി.24.08.2022.
3. എ2/220/2022/എച്ച് & എഫ് ഡബ്ല്യു ഡി തീയതി.19.05.2023.
4. ഉത്തരവ് നമ്പർ. ഇ എസ് -6/14916/2025 ആ.വ.ഡ തീയതി. 30.06.2025

വിവിധ സ്പെഷ്യലിറ്റി 31.12.2023 വരെ സൂപ്പർ സ്പെഷ്യലിറ്റി പി ജി യോഗ്യത നേടിയ സ്പെഷ്യലിറ്റി/ അഡ്മിനിസ്ട്രേറ്റീവ്/ ജനറൽ കേഡർ -ന് കീഴിൽ സേവനം അനുഷ്ഠിക്കുന്ന മെഡിക്കൽ ഓഫീസർമാരിൽ നിന്ന് സൂപ്പർ സ്പെഷ്യലിറ്റി കേഡറിലേക്ക് ഓപ്ഷൻ ക്ഷണിക്കാൻ പരാമർശം 1, 2 സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരിക്കുന്നു.

താഴെ പറയുന്ന വിഭാഗങ്ങൾക്ക് കീഴിൽ സൂപ്പർ സ്പെഷ്യലിറ്റി കേഡർ തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന മെഡിക്കൽ ഓഫീസർമാർ DMO മുഖേന ഇതോടൊപ്പം നൽകിയിരിക്കുന്ന നിർദ്ദിഷ്ട പ്രൊഫോർമയിൽ ഓപ്ഷൻ

സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | കാർഡിയോളജി | 3 | ന്യൂറോളജി |
| 2 | നെഫ്രോളജി | 4 | യൂറോളജി |

സൂചന 4 പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർമാർ വീണ്ടും ഓപ്ഷൻ സമർപ്പിക്കേണ്ടതില്ല.

ഓപ്ഷൻ സമർപ്പിക്കുന്ന എല്ലാ മെഡിക്കൽ ഓഫീസർമാരും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, റ്റി.സി. എം. സി സർട്ടിഫിക്കറ്റിൻെറ പകർപ്പും, സർവീസ് റെഗുലറൈസേഷൻ, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവയുടെ ഉത്തരവിൻെറ പകർപ്പും, അഡ്വൈസ് മെമ്മോയുടെ പകർപ്പും നൽകേണ്ടതാണ്. പ്രൊബേഷൻ ഡിക്ലറേഷൻ ചെയ്യാത്ത മെഡിക്കൽ ഓഫീസർമാർക്കും അവരുടെ ഓപ്ഷൻ സമർപ്പിക്കാം. സൂചന 3 പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും പ്രൊബേഷൻ ഡിക്ലയർ ചെയ്തവരെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തവരെയും ചേർത്ത് ഒരു പൊതു ലിസ്റ്റാണ് തയ്യാറാക്കുന്നത്.

2010 ലെ കേരള ഹെൽത്ത് സർവീസസ് (മെഡിക്കൽ ഓഫീസർമാർ) സ്പെഷ്യൽ റൂളിൽ, റൂൾ 6 അനുസരിച്ച് ഒരിക്കൽ ഓപ്ഷൻ സമർപ്പിച്ചാൽ ആയത് അന്തിമമായിരിക്കും. **എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം) മെഡിക്കൽ ഓഫീസർമാർ സമർപ്പിക്കുന്ന ഓപ്ഷൻ ഫോമുകൾ ശേഖരിച്ചു 2025 November 15-നോ അതിന് മുൻപോ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.**

Signed by
Reena K J
Date: 04-11-2025 12:19:55

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന )

2. എല്ലാ സർക്കാർ ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാർക്കും ( " )

3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4. ഫയൽ/കരുതൽ ഫയൽ.